**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാർഷികരംഗത്തെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തനത് കാർഷിക വിളകളുടെ വിത്തുകൾ സംരക്ഷിക്കുന്നതിനും അവ കർഷകർക്കിടയിൽ വിതരണം ചെയ്യുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) | അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി, റീബിൽഡ് കേരളാ ഇനിഷിയേറ്റീവ് പദ്ധതി എന്നിവയുടെ ഭാഗമായി, അട്ടപ്പാടിയിലെ മൂന്ന പഞ്ചായത്തുകളിൽ നിന്നും 14 ആദിവാസി സെറ്റിൽമെന്റുകൾ വിത്തു ബാങ്കുകളായി തിരഞ്ഞെടുത്തിട്ടുണ്ട്. പരമ്പരാഗത വിളകളുടെ വിത്തുകളുടെ സംരക്ഷണവും, വിതരണവും ഉറപ്പാക്കാൻ വിത്ത് ബാങ്കുകൾ സഹായിക്കുന്നു. നിലവിൽ എല്ലാ ചെറുധാന്യങ്ങളുടെയും, പയർവർഗ്ഗങ്ങളുടെയും എണ്ണക്കുരുക്കളുടെയും പരമ്പരാഗത പച്ചക്കറികളുടെയും, വിത്തുകൾ ഈ വിത്ത് ബാങ്കുകളിൽ ലഭ്യമാണ്. ആവശ്യപ്പെടുന്നതനുസരിച്ച് കേരളത്തിലുടനീളം ഈ വിത്തുകൾ വിത്തുബാങ്കുകകൾ വഴി വിതരണം ചെയ്തുവരുന്നു.<br><br>കേരളത്തിൽ വയനാട്ടുള്ള ശ്രീ. ചെറുവയൽ രാമൻ പോലുള്ള കർഷകർ തനതു വിളകളുടെ വിത്ത് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിക്കുകയും അവർ സംരക്ഷിച്ചിട്ടുള്ള വിത്തുകൾ ആവശ്യക്കാർക്ക് നേരിട്ട് ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ മറ്റുള്ളവരിലേയ്ക്ക് എത്തിക്കുന്നതിനായി മറ്റു ജില്ലകളിൽ നിന്നും കർഷകരെ പരിശീലന പരിപാടി, പഠന യാത്ര എന്നിവ വഴി സജ്ജരാക്കുകയും ചെയ്യുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാല മുഖേനയും പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഏകദേശം 478 ഓളം പരമ്പരാഗത നെല്ലിനങ്ങൾ സംരക്ഷിച്ചു വരുന്നു. ഇവ തുടർപഠനങ്ങൾക്കും പുതിയ ഇനങ്ങൾ |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതിനും ആയി ഉപയോഗിക്കപ്പെടുന്നതോടൊപ്പം തിരഞ്ഞെടുത്ത ഇനങ്ങൾ വിത്തുല്പാദിപ്പിച്ച് കർഷകരുടെ ഇടയിൽ വിതരണം ചെയ്തു വരുന്നു. |
| (ബി) | ആദിവാസികൾ, പട്ടികവിഭാഗക്കാർ എന്നിവർ ഉൾപ്പെടെയുള്ളവർ തുടർന്നു വരുന്ന പാരമ്പര്യ കൃഷി രീതികളും വിളസംഭരണ രീതികളും സംരക്ഷിക്കുന്നതിനും അത് കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | അട്ടപ്പാടി മില്ലെറ്റ് വില്ലേജ് പദ്ധതി, റീ ബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി എന്നിവയുടെ ഭാഗമായി വിവിധ പരിശീലന പരിപാടികളിലൂടെ ആദിവാസികളുടെ പാരമ്പര്യ കൃഷി രീതികളും, വിളസംഭരണ രീതികളും, സംരക്ഷിക്കുന്നതിനും അത് മറ്റ് കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. |
| (സി) | കാർഷിക രംഗത്തുണ്ടായ പുതിയ മാറ്റങ്ങളും, കൃഷി ജോലികൾ ആയാസരഹിതമാക്കുന്നതിന് മറ്റു വിദേശരാജ്യങ്ങളിലടക്കം ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളും കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | കാർഷിക മേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും കൃഷി ജോലികൾ ആയാസരഹിതമാക്കുന്നതിനു വേണ്ടിയും സംസ്ഥാന സർക്കാർ, കേന്ദ്രത്തിന്റെ സഹായത്തോടെ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായം അനുവദിക്കുന്നു. യന്ത്രവത്ക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് 10 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. പൂർണ്ണമായും ഓൺലൈനായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.<br><br>സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ കൂടുതൽ കർഷകർക്ക് ലഭിക്കുന്നതിനും സംസ്ഥാനത്ത് രൂപീകരിച്ച 'കൃഷിക്കൂട്ടങ്ങൾ' എന്ന കർഷക താൽപ്പര്യ ഗ്രൂപ്പുകൾക്ക് ടോപ്പ്-അപ്പ് |

| | | | |
|---|---|---|---|
| | | | സബ്സിഡി നൽകുവാൻ സംസ്ഥാനാവിഷ്കൃത പദ്ധതിയായ "ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം" എന്നതിലൂടെ ഈ സാമ്പത്തിക വർഷത്തിൽ ഉദ്ദേശിക്കുന്നു. സേവന മേഖലയിലെ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തിരഞ്ഞെടുത്ത കൃഷിക്കൂട്ടങ്ങൾക്കാണ് ഈ സഹായം ലഭിക്കാൻ അർഹതയുള്ളത്. 5 ലക്ഷം രൂപയുടെ യന്ത്രങ്ങൾ SMAM പദ്ധതിയിലൂടെ വാങ്ങുന്ന കൃഷിക്കൂട്ടങ്ങൾക്ക് പരമാവധി 50,000/- രൂപ എന്ന തോതിൽ ആണ് "ഫാം യന്ത്രവത്കരണത്തിനുള്ള സഹായം" എന്ന പദ്ധതിയിലൂടെ ലഭിക്കുക. |

സെക്ഷൻ ഓഫീസർ